**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506** **07-02-2023 - ൽ മറുപടിയ്ക്ക്**

**അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുറമ്പോക്ക ഭൂമിയിൽ താമസിക്കുന്ന അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിനായി റവന്യൂ, വനം, ഇറിഗേഷൻ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംയുക്ത അദാലത്തുകൾ വിവിധ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാമോ? | (എ) | പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്ന മുഴുവൻ പേർക്കും പട്ടയം നൽകുക എന്നതാണ് ലക്ഷ്യം.. ഇതിനായി ഒരു പട്ടയ മിഷൻ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. പട്ടയ പ്രശ്നങ്ങൾ പെട്ടെന്ന് കണ്ടെത്തി പരിഹരിക്കുന്നതിനായി പട്ടയ ഡാഷ് ബോർഡും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പട്ടയ പ്രശ്നങ്ങളിൽ മറ്റ വകുപ്പുകളുടെ ചുമതലയിലുള്ള ഭൂമി കൈവശം വെച്ചവരുടെ വിഷയങ്ങൾ ധാരാളമായി കണ്ടെത്തിയി ട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കോളനികൾ ഇറിഗേഷൻ പദ്ധതികൾക്ക്, ഭാവിയിലും ആവശ്യം വരാത്ത സ്ഥലത്തുള്ള കുടിയേറ്റം എന്നിവ പ്രസ്തുത വകുപ്പുകളുമായി ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. തദ്ദേശ – വനം- ഇറിഗേഷൻ - വൈദ്യുതി -പൊതുമരാമത്ത് വകുപ്പുകളുടെ മന്ത്രിമാരു മായി യോഗങ്ങൾ നടത്തി അർഹരായവർക്ക് രേഖ നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വിവിധ വകുപ്പുകളുടെ കൈവശമുള്ള പതിവിനർഹമായ ഭൂമിയിൽ താമസിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സുഗമമാക്കുന്നതിനായി റവന്യൂ, വനം, ഇറിഗേഷൻ , തദ്ദേശ സ്വയം ഭരണം, എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ച് കൊണ്ട് സംയുക്ത അദാലത്തുകൾ വിവിധ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ